**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **24-06-2024 - ൽ മറുപടിയ്ക്ക്**

**ദേശീയ സാമ്പിൾ സർവ്വേ ഓഫീസ് പഠന റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എം.വിജിൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ സാമ്പിൾ സർവ്വേ ഓഫീസിന്റെ ഗാർഹിക ഉപഭോഗ ചെലവ് സംബന്ധിച്ച 2024-ലെ പഠന റിപ്പോർട്ടിൽ രാജ്യത്തെ സമ്പന്നമായ ഗ്രാമങ്ങൾ കേരളത്തിലാണെന്ന് പരാമർശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ദേശീയ സാമ്പിൾ സർവ്വേയുടെ ഗാർഹിക ഉപഭോഗ ചെലവ് സംബന്ധിച്ച 2024-ൽ പ്രസിദ്ധികരിച്ച 2022-23 ലെ പഠന റിപ്പോർട്ടിൽ, രാജ്യത്തെ 18 മുഖ്യമായ സംസ്ഥാനങ്ങളിലെ നഗര, ഗ്രാമ പ്രദേശങ്ങളുടെ ശരാശരി പ്രതിമാസ ആളോഹരി ഉപഭോഗ ചെലവ് താരതമ്യം ചെയ്തിട്ടുണ്ട്. ഇതിൽ ഗ്രാമങ്ങളുടെ ഉപഭോഗ ചെലവ് ഏറ്റവും കൂടിയ സംസ്ഥാനം കേരളമാണ്. കേരളത്തിന്റെ ശരാശരി പ്രതിമാസ ആളോഹരി ഉപഭോഗ ചെലവ് 5,924 രൂപയാണെന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. കേരളത്തിന് തൊട്ടു താഴെയുള്ള സംസ്ഥാനമായ പഞ്ചാബിന്റെ ശരാശരി പ്രതിമാസ ആളോഹരി ഉപഭോഗ ചെലവ് 5,315 രൂപയാണ്. |
| (ബി) | സാമ്പത്തിക പരാധീനതകൾ നേരിടുമ്പോഴും പൊതുചെലവുകൾ പരിമിതപ്പെടുത്താതെയും ക്ഷേമ പ്രവർത്തനങ്ങൾ മുടക്കാതെയും ജനങ്ങളുടെ കൈകളിലേക്ക് പണമെത്തിക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ പ്രസ്തുത സർവ്വെയുടെ ആധാരമായ നേട്ടം കൈവരിക്കുന്നതിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്ര സർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാനസമ്പദ്ഘടനയെ മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള സാമ്പത്തിക ഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.<br><br>കേരളം മാനവ വിഭവശേഷി വികസനത്തിനും ജനങ്ങളുടെ വരുമാന വർദ്ധനവിനും ജീവനോപാധിയിലും നടത്തിയ നിക്ഷേപത്തിന്റെ പ്രതിഫലനമാണ് സംസ്ഥാനത്തിനു ലഭിച്ച അംഗീകാരങ്ങൾ. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് അനുസരിച്ച്, കേരളമാണ് രാജ്യത്തെ ഏറ്റവും മികച്ച പ്രകടനം (0.002 ശതമാനം) കാഴ്ച്ചവെച്ച സംസ്ഥാനം. ഉയർന്ന പ്രതിശീർഷ മൊത്ത ആഭ്യന്തര വരുമാനമുള്ള ആദ്യ പത്ത് സംസ്ഥാനങ്ങളിൽ കേരളമുണ്ട്. സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം 2022-23 ൽ 6.06 ശതമാനം വർദ്ധിച്ച് 1,74,214 രൂപയായി ഇത് ദേശീയ ശരാശരിയായ 1,15,746 രൂപയേക്കാൾ കൂടുതലാണ്.<br><br>സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ അഡ്വാൻസ് കണക്കുകൾ പ്രകാരം സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം തനതു വിലയിൽ 12.24 ശതമാനവും സ്ഥിര വിലയിൽ 6.92 ശതമാനവും |

വളർച്ചയാണ് കൈവരിച്ചത്. സാമൂഹ്യക്ഷേമ വികസന ചെലവുകളിൽ സർക്കാർ കാണിക്കുന്ന പ്രാധാന്യം ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഢീകരണ പാതയ്ക്കുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ കടവും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

**(ശതമാനത്തിൽ)**

| ധന സൂചകങ്ങൾ | ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം | 2023-24 സാമ്പത്തിക വർഷം<br>സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം) |
|---|---|---|
| ധനകമ്മി/ ജി.എസ്. ഡി.പി | 3.5 | 2.81 |
| കടബാധ്യത/ ജി.എസ്.ഡി.പി | 33.70 | 33.09 |

കടബാധ്യത ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതത്തെക്കാൾ കുറച്ചു കൊണ്ടു വരാൻ കഴിഞ്ഞത് മികച്ച ധന മാനേജ്മെന്റിലൂടെയാണ്. സംസ്ഥാനം ധന ദൃഢീകരണ ലക്ഷത്തിലേക്ക് എത്താൻ കഴിഞ്ഞതിന്റെ തെളിവാണിത്.

(സി) കോവിഡ് കാലത്തെ നെഗറ്റീവ് വളർച്ചയിൽനിന്നും ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്ര സർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാനസമ്പദ്ഘടനയെ മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള സാമ്പത്തിക ഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.

കേരളം മാനവ വിഭവശേഷി വികസനത്തിനും ജനങ്ങളുടെ വരുമാന വർദ്ധനവിനും ജീവനോപാധിയിലും നടത്തിയ നിക്ഷേപത്തിന്റെ പ്രതിഫലനമാണ് സംസ്ഥാനത്തിനു ലഭിച്ച അംഗീകാരങ്ങൾ. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് അനുസരിച്ച്, കേരളമാണ് രാജ്യത്തെ ഏറ്റവും മികച്ച പ്രകടനം (0.002 ശതമാനം) കാഴ്ചവെച്ച സംസ്ഥാനം. ഉയർന്ന പ്രതിശീർഷ മൊത്ത ആഭ്യന്തര വരുമാനമുള്ള ആദ്യ പത്ത് സംസ്ഥാനങ്ങളിൽ കേരളമുണ്ട്. സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം 2022-23 ൽ 6.06 ശതമാനം വർദ്ധിച്ച് 1,74,214 രൂപയായി ഇത് ദേശീയ ശരാശരിയായ 1,15,746 രൂപയേക്കാൾ കൂടുതലാണ്.

സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ അഡ്വാൻസ് കണക്കുകൾ പ്രകാരം സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം തനതു വിലയിൽ 12.24 ശതമാനവും സ്ഥിര വിലയിൽ 6.92 ശതമാനവും

| | | | |
|---|---|---|---|
| | | | വളർച്ചയാണ് കൈവരിച്ചത്. സാമൂഹ്യക്ഷേമ വികസന ചെലവുകളിൽ സർക്കാർ കാണിക്കുന്ന പ്രാധാന്യം ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.<br><br>അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഢീകരണ പാതയ്ക്കുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ കടവും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.<br><br>**(ശതമാനത്തിൽ)** |

| ധന സൂചകങ്ങൾ | ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം | 2023-24 സാമ്പത്തിക വർഷം<br><br>സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം) |
|---|---|---|
| ധനകമ്മി/ ജി.എസ്. ഡി.പി | 3.5 | 2.81 |
| കടബാധ്യത/ ജി.എസ്.ഡി.പി | 33.70 | 33.09 |

| | | | |
|---|---|---|---|
| | | | കടബാധ്യത ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതത്തെക്കാൾ കുറച്ചു കൊണ്ടു വരാൻ കഴിഞ്ഞത് മികച്ച ധന മാനേജ്മെന്റിലൂടെയാണ്. സംസ്ഥാനം ധന ദൃഢീകരണ ലക്ഷത്തിലേക്ക് എത്താൻ കഴിഞ്ഞതിന്റെ തെളിവാണിത്. |
| (ഡി) | സംസ്ഥാനം സമസ്ത മേഖലകളിലും കൈവരിച്ച നേട്ടങ്ങൾ അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭ്യമാകുന്നതിന് തടസ്സമാകുന്ന സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ജനസംഖ്യ വളർച്ച നിരക്ക് കുറയ്ക്കൽ, ആരോഗ്യ വിദ്യാഭ്യാസ സേവന മേഖലകളിൽ സംസ്ഥാനം കൈവരിച്ച നേട്ടം, മറ്റ് മാനവ വിഭവശേഷി വികസന മേഖലകളിലെ കേരളത്തിന്റെ മുന്നേറ്റം മുതലായ ഘടകങ്ങൾ കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുതിട്ടുള്ള സംസ്ഥാനത്തിനുള്ള നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ വേണ്ട രീതിയിൽ പ്രതിഫലിച്ചിട്ടില്ല. പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ ഡിവിസിബിൾ പൂൾ വഴി സംസ്ഥാനത്ത് ലഭ്യമായിരുന്ന നികുതി വിഹിതം 2.5 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.92 ശതമാനമായി കുറയുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ